**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5741** **24-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നാമമാത്രമായി നടക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിലും കൂലിയും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (MGNREGA) പ്രകാരം ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 തൊഴിൽ ദിനങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗീകരിക്കപ്പെട്ട പ്രവൃത്തികളുടെ 'ഷെൽഫ് ഓഫ് പ്രോജക്ട്' എല്ലാ ഗ്രാമപഞ്ചായത്തുകളിലും തയ്യാറാക്കി സൂക്ഷിച്ച്, ആവശ്യകതയ്ക്ക് അനുസരിച്ച് തൊഴിൽ നൽകാൻ പാകത്തിൽ അവിദഗ്ധ തൊഴിൽ ഘടകം ഏറെയുള്ള ഒരു പൊതുപ്രവൃത്തിയെങ്കിലും എപ്പോഴും നിർവ്വഹണ സജ്ജമാക്കി വച്ച് തൊഴിൽ നൽകി വരുന്നു. അവിദഗ്ധ വേതനമായി തൊഴിലാളികൾക്ക് അനുവദിക്കുന്ന തുക DBT (Direct Beneficiary Transfer) സംവിധാനം മുഖേന അവരവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് കേന്ദ്ര സർക്കാർ ലഭ്യമാക്കുന്നത്. അവിദഗ്ധ വേതനം നല്കുന്നതിൽ കാലതാമസം വരുന്ന സാഹചര്യങ്ങളിലെല്ലാം ആയത് ലഭ്യമാക്കാൻ കേന്ദ്രസർക്കാരുമായി നിരന്തരം ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | തൊഴിൽ ദിനങ്ങളിലും കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിലും ദേശീയ ശരാശരിയേക്കാൾ എത്ര വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ദേശീയ ശരാശരിയേക്കാൾ 15.2 തൊഴിൽ ദിനങ്ങൾ കൂടുതൽ നൽകാനും കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിൽ ദേശീയ ശരാശരിയേക്കാൾ 8.31% വർദ്ധനവുണ്ടാക്കാനും 2024-25 വർഷം ഇതുവരെ കഴിഞ്ഞിട്ടുണ്ട്. |
| (സി) | തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി, സാധനസാമഗ്രികൾ എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്ന് എത്ര തുകയാണ് സംസ്ഥാനത്തിന് ലഭിക്കാനുള്ളതെന്ന് അറിയിക്കുമോ; | (സി) | കേന്ദ്രസർക്കാരിൽ നിന്ന് അവിദഗ്ദ്ധ വേതന ഇനത്തിൽ 54667.41 ലക്ഷം രൂപയും മെറ്റീരിയൽ ഇനത്തിൽ 4966.10 ലക്ഷം രൂപയും, 19.03.2025 തീയതിയിലെ കണക്ക് പ്രകാരം കുടിശ്ശിക ആയി ലഭിക്കാനുണ്ട്. |
| (ഡി) | 2021-22 മുതൽ 2024-25 വരെ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി വഴി തൊഴിൽ ലഭിച്ചവരുടെ എണ്ണം എത്രയായിരുന്നുവെന്നും ആയത് ദേശീയ ശരാശരിയുടെ എത്ര | (ഡി) | വിവരങ്ങൾ ചുവടെ ചേർക്കുന്നു; |

| സാമ്പത്തിക വർഷം | സംസ്ഥാനത്ത് തൊഴിൽ ലഭിച്ചവരുടെ എണ്ണം | ദേശീയ ശരാശരിയുടെ ശതമാനം |
|---|---|---|

<table>
<tr><td></td><td>ശതമാനമായിരുന്നുവെന്നും വെളിപ്പെടുത്താമോ;</td><td></td><td><table>
<tr><td>2021-22</td><td>18,98,995</td><td>0.59% കുറവ്</td></tr>
<tr><td>2022-23</td><td>17,58,623</td><td>8.47% കൂടുതൽ</td></tr>
<tr><td>2023-24</td><td>16,61,622</td><td>11.01% കൂടുതൽ</td></tr>
<tr><td>2024-25</td><td>15,19,275</td><td>8.31% കൂടുതൽ</td></tr>
</table></td></tr>
<tr><td>(ഇ)</td><td>കേന്ദ്ര സർക്കാരിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധയിനങ്ങളിലായി എത്ര തുകയാണ് നിലവിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ളതെന്നും ആയത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?</td><td>(ഇ)</td><td>അവിദഗ്ധ വേതന ഇനത്തിൽ 54667.41 ലക്ഷം രൂപയും, മെറ്റീരിയൽ ഇനത്തിൽ 4966.10 ലക്ഷം രൂപയും ഭരണ ചെലവ് ഇനത്തിൽ 17653.67 ലക്ഷം രൂപയും 19.03.2025 തീയതിയിലെ കണക്ക് പ്രകാരം കേന്ദ്രസർക്കാരിൽ നിന്ന് കുടിശ്ശിക ആയി ലഭിക്കാനുണ്ട്. തുക ലഭ്യമാക്കാൻ കേന്ദ്രസർക്കാരുമായി നിരന്തരം ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ